ഉത്തരം

(എ) 2013-14 വർഷത്തെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച ചെറുപുഴ ഗ്രാമപഞ്ചായത്തിലെ പ്രാപ്പൊയിൽ-ചൂരപ്പടവ്-ചട്ടിവയൽ റോഡ് അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള പ്രവൃത്തിയുടെ സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. ടെണ്ടർ നടപടിക്രമങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത പ്രവൃത്തി ഉടൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പി.എം.ജി.എസ്.വൈ. -2 പദ്ധതി പ്രകാരമുള്ള 570 കിലോമീറ്റർ റോഡ്

37 (3320) ശ്രീ. ടി. വി. രാജേഷ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.എം.ജി.എസ്.വൈ. -2 അനുസരിച്ച് 570 കിലോമീറ്റർ റോഡ് അനുവദിച്ചുകൊണ്ടുള്ള നിർദ്ദേശം കേന്ദ്രസർക്കാരിൽ നിന്നും എപ്പോഴാണ് ലഭിച്ചതെന്ന വ്യക്തമാക്കുമോ ;

(ബി) അതനുസരിച്ചുള്ള ഡിസ്ട്രിക്ട് റൂറൽ റോഡ് പ്ലാൻ തയ്യാറാക്കി കേന്ദ്രത്തിൽ സമർപ്പിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കുമോ ; എപ്പോഴേയ്ക്ക് സമർപ്പിക്കാൻ കഴിയും എന്നറിയിക്കുമോ ;

(സി) പ്രസ്തുത 570 കിലോ മീറ്ററിൽ കണ്ണൂർ ജില്ലയ്ക്ക് എത്ര കിലോമീറ്റർ റോഡാണ് ടാർജറ്റ് നിശ്ചയിച്ചിരിക്കുന്നത് ; ടാർജറ്റ് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡമെന്താണ് ?

ഉത്തരം

(എ) 2013 നവംബർ 26-ലെ കേന്ദ്ര ഗവൺമെന്റ് കത്തുമുഖേനയും 29.01.2014 തീയതിയിലെ എംപവേർഡ് കമ്മിറ്റി യോഗതീരുമാനപ്രകാരവുമാണ് 570 കി.മീ. റോഡ് അനുവദിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ല. ഡി.ആർ.ആർ.പി. തയ്യാറാക്കുന്നതിന് CAD consultant, Gujarath എന്ന സ്ഥാപനത്തിനെ ഏൽപ്പിച്ചിരിക്കുകയാണ്. ഡി.ആർ.ആർ.പി.-യുടെ കരട് ജില്ലാതലത്തിലുള്ള പദ്ധതി നിർവ്വഹണ ഏജൻസിക്ക് സമർപ്പിച്ചിട്ടുള്ളതാണ്. ആയത് പഞ്ചായത്ത് തലത്തിൽ പരിശോധന നടത്തിവരുന്നു. പരിശോധനയിൽ ഒട്ടനവധി റോഡുകൾ വിട്ടുപോയതായി കാണുന്നു. ആയത് പരിഹരിച്ചുവരുന്നു. ഉടൻതന്നെ കുറവുകൾ പരിഹരിച്ച് കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതാണ്.

(സി) 41 കി.മീറ്റർ

മാനദണ്ഡങ്ങൾ

1. ജില്ലയുടെ ഗ്രാമീണ ജനസംഖ്യ മൊത്ത ജനസംഖ്യ അനുപാതം.
2. ദശാബ്ദ വളർച്ചാ നിരക്ക്
3. ഗ്രാമീണ വിസ്തീർണ്ണം
4. പട്ടികജാതി ശതമാനം
5. പട്ടികവർഗ്ഗ ശതമാനം
6. വളർച്ചാ കേന്ദ്രങ്ങളുടെ (growth centre) എണ്ണം.

മിഷൻ 676-ന്റെ ഭാഗമായുള്ള വികസന പദ്ധതികൾ

38 (3321) ശ്രീ. എം. എ. വാഹീദ് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ബെന്നി ബെഹനാൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676-ന്റെ ഭാഗമായി ആസൂത്രണ ബോർഡിന്റെ നേതൃത്വത്തിൽ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം പദ്ധതികളാണ് മിഷന്റെ കീഴിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതികളുടെ രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദമാക്കുമോ ;

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ എന്തൊക്കെ നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

LIBRARY ARCHIVES Kerala Legislative Assembly